കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/12/2025-SEC                                                                                    തീയതി: 20-04-2026

**<u>സർക്കുലർ</u>**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കൽ - വീഴ്ചവരുത്തിയവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 2025-ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകളിൽ ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ-1.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തങ്ങളുടെ ചെലവ് കണക്കുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 86-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 142-ാം വകുപ്പ് അനുസരിച്ച് സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 33-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 89-ാം വകുപ്പ് പ്രകാരം അയോഗ്യതയ്ക്കുള്ള കാരണമാണ്. ഇപ്രകാരം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാനാർത്ഥികൾക്ക് 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 59(5), 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59 (5) അനുസരിച്ചുള്ള കാരണം കാണിക്കൽ നോട്ടീസ് സ്ഥാനാർത്ഥികൾക്ക് നൽകുന്നത് സംബന്ധിച്ച് ചുവടെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

–

1.മേൽപ്രകാരം വീഴ്ചവരുത്തിയ സ്ഥാനാർത്ഥിക്കുള്ള കാരണം കാണിക്കൽ നോട്ടീസ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുഖേനയാണ് നൽകുന്നത്. കമ്മീഷനിൽ നിന്നും ഇപ്രകാരം അയയ്ച്ച് തരുന്ന കാരണം കാണിക്കൽ നോട്ടീസിന്റെ അസ്സൽ 7 ദിവസത്തിനുള്ളിൽ വീഴ്ചവരുത്തിയ സ്ഥാനാർത്ഥിക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നേരിട്ട് നൽകേണ്ടതും,

നൽകിയതിന് ഡ്യൂപ്ലിക്കേറ്റ് കോപ്പിയിൽ ടിയാളുടെ പേരും കൈപ്പറ്റിയ തീയതിയും രേഖപ്പെടുത്തി കൈയൊപ്പ് വാങ്ങേണ്ടതും അപ്രകാരം രേഖപ്പെടുത്തിയ ഡ്യൂപ്ലിക്കേറ്റ് കോപ്പി ടിയാന് നോട്ടീസ് നൽകിയിതിനുള്ള തെളിവിലേയ്ക്കായി കമ്മീഷന്റെ site- ൽ upload ചെയ്യേണ്ടതും hard copy അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തന്നെ ഭദ്രമായി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുന്ന മുറയ്ക്ക് കോടതിയിൽ ഹാജരാക്കുന്നതിനായി കമ്മീഷനിലേയ്ക്ക് അയയ്ച്ച് തരേണ്ടതുമാണ്.

2.സ്ഥാനാർത്ഥികൾക്ക് നോട്ടീസ് നൽകുന്ന സംഗതിയിൽ, 1996-ലെ കേരള പഞ്ചായത്ത് രാജ് (നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടം, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 525-ാം വകുപ്പ് ബാധകമായിരിക്കുന്നതാണ്.

3. ബന്ധപ്പെട്ട സ്ഥാനാർത്ഥിക്ക്/സ്ഥാനാർത്ഥികൾക്ക് ഓരോരുത്തർക്കും നോട്ടീസ് നൽകിയ വിവരം ഓൺലൈനായി എൻട്രി വരുത്തേണ്ടതും കൈപ്പറ്റ് രസീതോടുകൂടി കാരണം കാണിക്കൽ നോട്ടീസിന്റെ പകർപ്പ് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

4.ഇപ്രകാരം കാരണം കാണിക്കാൻ നോട്ടീസ് കൈപ്പറ്റി 20 ദിവസത്തിനുള്ളിൽ ചെലവ് കണക്ക് സമർപ്പിച്ച സ്ഥാനാർത്ഥിയുടെ / സ്ഥാനാർത്ഥികളുടെ വിവരവും പ്രസ്തുത 20 ദിവസം കഴിഞ്ഞ ഉടനെ ഫാറം എൻ 28 ൽ ഓൺലൈനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കമ്മീഷനിലേക്ക് അയക്കേണ്ടതാണ്.

5.അതോടൊപ്പം, സ്ഥാനാർത്ഥി/സ്ഥാനാർത്ഥികൾ വിശദീകരണം സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പും അതിന്മേലുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും അപ്‌ലോഡ് ചെയ്യേണ്ടതാണ്.

6.ഇപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന ഫാറം എൻ 28 ൽ സൂചിപ്പിക്കുന്ന കണക്ക് സമർപ്പിക്കാത്ത സ്ഥാനാർഥികളെ മറ്റൊരു അറിയിപ്പില്ലാതെ കമ്മീഷൻ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Digitally signed by
Prakash B S
Date: 20-04-2026
14:38:53

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിമാർക്കും

എല്ലാം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും

പകർപ്പ്:-

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻ ഡയറക്ടർമാർക്കും

കമ്മീഷണറുടെ പി.എസ്

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

ഐ.ടി സെൽ

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/12/2025-SEC-Part(1) തീയതി: 18-04-2026

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1) എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും,

2) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും,

(തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിനുള്ള അധികാരപ്പെട്ട ഉദ്യോഗസ്ഥർ) (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം).

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തിരഞ്ഞെടുപ്പ് 2025 - തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാത്ത സ്ഥാനാർത്ഥികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - അധികാരപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 2025 ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള പഞ്ചായത്ത് / മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പുകളിൽ ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നമ്പർ 1.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ തങ്ങളുടെ ചെലവ് കണക്കുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയതോ, പരിധിയിൽ കൂടുതൽ തുക ചെലവ് ചെയ്തതോ ആയ സ്ഥാനാർത്ഥികൾക്ക് കാരണം കാണിക്കൽ നോട്ടീസുകൾ Online Expenditure Management Module വഴി generate ചെയ്ത് അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് കമ്മീഷൻ ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്രകാരം ലഭിക്കുന്ന കാരണം കാണിക്കൽ നോട്ടീസുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത സമയപരിധിയായ 7 ദിവസത്തിനകം ബന്ധപ്പെട്ട സ്ഥാനാർത്ഥികൾക്ക് നൽകുന്നതിൽ വീഴ്ച വരുത്തുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ Online Expenditure Management Module വഴി കമ്മീഷൻ ഇതിനോടകം നൽകിയിട്ടുള്ളതും, സമീപഭാവിയിൽ നൽകുന്നതുമായ കാരണം കാണിക്കൽ നോട്ടീസുകൾ കമ്മീഷന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി 7 ദിവസത്തിനകം തന്നെ ബന്ധപ്പെട്ട സ്ഥാനാർത്ഥികൾക്ക് നൽകി കൈപ്പറ്റ് രസീത് സഹിതം വിവരം Online Expenditure Management Module ൽ update ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

Digitally signed by
Prakash B S
Date: 18-04-2026
12:35:16

PRAKASH.B.S

SECRETARY

പകർപ്പ് :-

1. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും, തദ്ദേശ സ്വയംഭരണ വകുപ്പ്
3. എല്ലാ നോഡൽ ഓഫീസർമാർക്കും

**അടിയന്തരം**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/12/2025-SEC തീയതി: 30-01-2026

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025 ഡിസംബർ 09, 11 തീയതികളിൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ മുൻപാകെ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ കമ്മീഷനിൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31.01.2025 ൽ അവസാനിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ G1.

2. കമ്മീഷന്റെ 12.01.2026 ലെ ഇതേ നമ്പർ കത്ത്.

2025 ഡിസംബർ 09, 11 തീയതികളിൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ മുൻപാകെ സമർപ്പിച്ചിട്ടുള്ള തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ Expenditure Management Module വഴി കമ്മീഷനിൽ പ്രസ്തുത ഉദ്യോഗസ്ഥർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.01.2026 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (2) പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്.

തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ഓൺലൈനായി കമ്മീഷനിൽ സമർ പ്പിക്കുന്നതിന് 31.01.2026 തീയതിയ്ക്കുശേഷം ഇനി ഒരവസരം ഉണ്ടാകുന്നതല്ല എന്ന വിവരം ഒരിക്കൽക്കൂടി അറിയിക്കുന്നതോടൊപ്പം, സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ പ്രസ്തുത തീയതിക്കുമുൻപായി കമ്മീഷനിൽ സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 30-01-2026 11:36:51

PRAKASH.B.S
SECRETARY

പകർപ്പ് :

നോഡൽ ഓഫീസർ ഐ.ടി.സെൽ

എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും
എ4 സെക്ഷൻ
കമ്മീഷണറുടെ പി.എസ്

---

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/12/2025-SEC തീയതി: 12-01-2026

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025 ഡിസംബർ 9,11 തീയതികളിൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് - സ്ഥാനാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർമുൻപാകെ നേരിട്ട് സമർപ്പിക്കുന്ന തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ കമ്മീഷനിൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ - G- 1

2025 ഡിസംബർ 9,11 തീയതികളിൽ നടന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർമുൻപാകെ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിൻപ്രകാരം, തിരഞ്ഞെടുപ്പ് സംബന്ധിച്ച ചെലവുകളുടെ കണക്കുകൾ ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം ഓൺലൈൻ വഴിയോ അല്ലെങ്കിൽ നേരിട്ടോ സ്ഥാനാർത്ഥികൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. അത്തരത്തിൽ സ്ഥാനാർത്ഥികൾ ചെലവ് കണക്ക് സമർപ്പിക്കേണ്ട അവസാന തീയതി 12.01.2026-ൽ അവസാനിക്കുന്നതാണ്.

എന്നാൽ മേൽപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ മുൻപാകെ സ്ഥാനാർത്ഥികൾ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ Expenditure Management Module വഴി കമ്മീഷനിൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന അപേക്ഷകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, അധികാരപ്പെട്ട ഉദ്യോഗസ്ഥർ മുൻപാകെ സ്ഥാനാർത്ഥികൾ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ Expenditure Management Module വഴി കമ്മീഷനിൽ പ്രസ്തുത ഉദ്യോഗസ്ഥർ സമർപ്പിക്കുന്നതിനുള്ള **അവസാന തീയതി 31.01.2026** ആയി ദീർഘിപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നു. തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ഓൺലൈനായി കമ്മീഷനിൽ സമർപ്പിക്കുന്നതിന് മേൽ പരാമർശിത തീയതിയ്ക്കുശേഷം ഇനി ഒരവസരം ഉണ്ടാകുന്നതല്ല എന്ന വിവരം അറിയിക്കുന്നതോടൊപ്പം, സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ കമ്മീഷനിൽ സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ

കൈക്കൊള്ളേണ്ടതാണെന്ന നിർദ്ദേശവും നൽകുന്നു.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 12-01-2026 17:23:17
PRAKASH.B.S
SECRETARY

പകർപ്പ് :

നോഡൽ ഓഫീസർ ഐ.ടി.സെൽ (Expenditure Management Module ൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്നതിന്)

എല്ലാ ജില്ലാ നോഡൽ ഓഫീസർമാർക്കും

എ4 സെക്ഷൻ

കമ്മീഷണറുടെ പി.എസ്

---

## <u>മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ -1</u>

**പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പിൽ ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

1. ഒരു തിരഞ്ഞെടുപ്പിലെ ഏതൊരു സ്ഥാനാർത്ഥിയും താന് **നാമനിർദേശം ചെയ്യപ്പെട്ട തീയതി മുതൽ ഫലപ്രഖ്യാപന തീയതി ഉൾപ്പടെയുള്ള ദിവസങ്ങൾ വരെ** താനോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റോ വഹിച്ചതോ, അധികാരപ്പെടുത്തിയതോ ആയ എല്ലാ തിരഞ്ഞെടുപ്പ് ചെലവിന്റെയും പ്രത്യേകം പ്രത്യേകമുള്ളതും ശരിയായതുമായ ഒരു കണക്ക് താൻ തന്നെയോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റ് മുഖേനയോ, സൂക്ഷിക്കേണ്ടതാണ്.
2. വിവിധ തലത്തിലുള്ള തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പില് ഓരോ നിയോജകമണ്ഡല/ വാർഡിലേക്കും പരമാവധി ചെലവഴിക്കാൻ കഴിയുന്ന തുക ഗ്രാമപഞ്ചായത്ത്-25,000 (ഇരുപത്തിഅയ്യായിരം), ബ്ലോക്ക് ഗ്രാമപഞ്ചായത്ത്-75,000 (എഴുപത്തിയയ്യായിരം), ജില്ലാ പഞ്ചായത്ത്- 1,50,000 (ഒരുലക്ഷത്തിഅൻപതിനായിരം), മുനിസിപ്പൽ കൌൺസിൽ- 75,000 (എഴുപത്തിയയ്യായിരം), മുനിസിപ്പൽ കോർപ്പറേഷൻ-1,50,000 (ഒരുലക്ഷത്തിഅൻപതിനായിരം) എന്നീ നിരക്കിൽ പരിധി നിശ്ചയിച്ചിട്ടുണ്ട്.
3. തിരഞ്ഞെടുപ്പ് സംബന്ധിച്ച ചെലവുകളുടെ കണക്കുകൾ ഫല പ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം ഓൺലൈൻ വഴിയോ അല്ലെങ്കിൽ നേരിട്ടോ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തന്നെയാണ് അധികാരപ്പെട്ട ഉദ്യോഗസ്ഥർ.
4. സ്ഥാനാർത്ഥികൾക്കു ഓൺലൈൻ വഴി കമ്മീഷന്റെ വെബ് പോർട്ടൽ (https://www.sec.kerala.gov.in) – ലെ 'Candidate Registration' ലൂടെ ചെലവ് കണക്കുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. പ്രസ്തുത ലിങ്ക് ഫല പ്രഖ്യാപന തീയതി തീയതി മുതൽ 30 ദിവസത്തേക്ക് മാത്രമേ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടലിൽ ലഭ്യമാവുകയുള്ളൂ. (**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടൽ (https://www.sec.kerala.gov.in) – ലെ 'Candidate Registration' വഴി ഓൺലൈനായി സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വെബ് പോർട്ടലിൽ 'Candidate Registration' എന്ന Button ന് വലതുവശത്തായി 'Guidelines' എന്ന Tab ൽ ലഭ്യമാകുന്നതാണ്.**)
5. ഒന്നിലധികം തലത്തിലെ (ഗ്രാമ, ബ്ലോക്ക്, ജില്ല) പഞ്ചായത്ത് സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥിയെ സംബന്ധിച്ച് അപ്രകാരം മത്സരിക്കുന്ന ഓരോ തലത്തിലെ തിരഞ്ഞെടുപ്പിലും ചെലവുകൾ വെവ്വേറെ തയ്യാറാക്കി സമർപ്പിക്കണം.
6. സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പിൽ യാതൊരു ചെലവും ഉണ്ടായിട്ടില്ലെങ്കിലും പ്രസ്തുത ഫോറത്തിൽ (Form N-30) അങ്ങനെ ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല എന്ന് രേഖപ്പെടുത്തി ചെലവുകണക്കിന്റെ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയുടെ നിക്ഷേപത്തുക കണ്ടുകെട്ടിയിട്ടുള്ള സാഹചര്യങ്ങളിൽ (ഫലപ്രഖ്യാപന തീയതി), അത് ഒരു ചെലവിനമായി തന്നെ രേഖപ്പെടുത്തേണ്ടതാണ്.
7. പ്രായോഗികമായി ഒരു വൗച്ചർ ലഭ്യമാകാത്ത, അതായത് തപാൽ, റെയിൽവേ യാത്ര മുതലായ ചെലവുകളൊഴികെ മറ്റെല്ലാ ഇനത്തിലുംപെട്ട ഓരോ ചെലവുകൾക്കും തിയതി,തുക, ആർക്കാണ് തുക കൊടുത്തത് അവരുടെ പേരും വിലാസവും മുതലായ വിവരങ്ങളടങ്ങിയ ബില്ലുകൾ , വൗച്ചറുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും അവ സ്ഥാനാർത്ഥി

ചെലവുകണക്കിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. എല്ലാ വൗച്ചറുകളും ക്രമമായി നമ്പറിട്ടതും ഒപ്പുവച്ചതും ആയിരിക്കണം.

**8.** തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഓൺലൈൻ വഴി സമർപ്പിക്കുന്ന സംഗതിയിൽ സ്ഥാനാർത്ഥിയോ, തിരഞ്ഞെടുപ്പ് ഏജന്റോ മേൽ പരാമർശിക്കുംവിധം ഒപ്പിട്ട വൗച്ചറുകളും ബില്ലുകളും അപ് ലോഡ് ചെയ്യേണ്ടതും അതിനുശേഷം എൻ-30 ഫാറം ജനറേറ്റ് ചെയ്ത് പ്രിന്റ് എടുത്ത് ഒപ്പിട്ടശേഷം അതത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് നേരിട്ട് സമർപ്പിക്കേണ്ടതുമാണ്. ഓൺലൈനായി Submit ചെയ്തതിനുശേഷം ലഭിക്കുന്ന Acknowledgement (Form N-29) ഡൗൺലോഡ് ചെയ്ത് രേഖയായി സൂക്ഷിക്കേണ്ടതാണ്.

9. തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നേരിട്ട് അധികാരപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കുന്ന സംഗതിയിൽ സ്ഥാനാർത്ഥിയോ, തിരഞ്ഞെടുപ്പ് ഏജന്റോ എല്ലാ ചെലവുകളുടെയും ബില്ലുകളും വൗച്ചറുകളും എൻ-30 ഫാറത്തോടൊപ്പം ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതും അത് കൈപ്പറ്റിയ രസീത് (Form N-29) വാങ്ങി ഒരു രേഖയായി സൂക്ഷിക്കേണ്ടതുമാണ്.

**10.** നിശ്ചിത പരിധിയിൽ കൂടുതൽ ചെലവ് ചെയ്യുകയോ മതിയായ കാരണങ്ങളില്ലാതെ നിർദ്ദിഷ്ട രീതിയിലും സമയപരിധിക്കുള്ളിലും കണക്കുകൾ സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുകയോ ചെയ്യുന്ന ഓരോ സ്ഥാനാർത്ഥിയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ് തീയതി തൊട്ട് അഞ്ച് വർഷക്കാലത്തേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനോ, അംഗമായിരിക്കുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

**11.** സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടൽ വഴി ഓൺലൈനായി തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ഇതോടൊപ്പം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# അനുബന്ധം – 1

## ഓൺലൈനായി തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗരേഖ

### തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായിരുന്നവർക്ക്- login ID create ചെയ്യുന്ന വിധം

1. ലോഗിൻ ഐഡിക്കായി ആദ്യം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ *https://www.sec.kerala.gov.in* എന്ന വെബ്സൈറ്റിൽ കയറുക.
2. ആ പേജിൽ *'Sign in'* ക്ലിക്ക് ചെയ്യുക.
3. തുടർന്ന് *Candidate Registration'* തിരഞ്ഞെടുക്കുക.
   (*Candidate Registration - Register*)
4. തുടർന്നു വരുന്ന പേജിൽ നോമിനേഷൻ ഫോമിൽ(Form 2) നൽകിയ മൊബൈൽ നമ്പർ നൽകുക , ശേഷം *'Get OTP'* ക്ലിക്ക് ചെയ്യുക.
5. മൊബൈൽ നമ്പറിൽ ലഭ്യമാകുന്ന OTP ടൈപ്പ് ചെയ്ത് *'Submit'* ബട്ടൺ ക്ലിക്ക് ചെയ്യുക.
6. പാസ് വേർഡ് ആ പേജിൽ കാണുന്ന രീതിയിൽ സെറ്റ് ചെയ്ത് *'Proceed'* button ക്ലിക്ക് ചെയ്ത് *'Submit'* ചെയ്യുക.
7. 'Candidate Registration Process Completed Successfully' എന്ന് സ്ക്രീനിൽ തെളിയുന്നതോടെ ലോഗിൻ ഉണ്ടാക്കുന്ന പ്രക്രിയ പൂർത്തിയാകും.
8. യൂസർ ഐഡി, OTP ലഭിച്ച മൊബൈൽ നമ്പർ ആയിരിക്കും.
   (ഉദാഹരണം : User id: 9895XXXXXX, Password: നിർദ്ദേശം 6 പ്രകാരം ചെയ്തത്)

### ലോഗിൻ ചെയ്യുന്ന വിധം

1. URL: *https://www.sec.kerala.gov.in* സന്ദർശിക്കുക.
2. 'Sign in' ക്ലിക്ക് ചെയ്യുക.
3. യൂസർ ഐഡി, പാസ് വേർഡ് and Captcha എന്നിവ കൊടുത്ത് ' Login' ക്ലിക്ക് ചെയ്യുമ്പോൾ സ്ഥാനാർത്ഥികളുടെ പ്രോഫൈൽ പേജിലേക്ക് പ്രവേശിക്കും.

### ചെലവ് കണക്കുകൾ Entry വരുത്തുന്ന വിധം

1. സ്ഥാനാർത്ഥികൾ പ്രോഫൈൽ പേജിൽ പ്രവേശിക്കുമ്പോൾ കാണുന്ന *'Expenditure Management'* എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
2. തുടർന്നു വരുന്ന പ്രോഫൈൽ പേജിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്ഥാനാർത്ഥികളുടെ വിവരങ്ങൾ കാണാൻ സാധിക്കും.
3. ചെലവു കണക്കുകളുടെ ഓരോ ബിൽ അനുസരിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് സ്ക്രീനിൽ കാണുന്ന '+New' ബട്ടണിൽ ക്ലിക്ക് ചെയ്യുക. ശേഷം ബിൽ വിവരങ്ങൾ ഓരോന്നായി നൽകി 'Save' ചെയ്യുക. ഈ വിധത്തിൽ എല്ലാ ബില്ലുകളുടേയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
4. ബില്ലുകൾ സേവ് ചെയ്യുന്നതിനനുസരിച്ച് അത് പ്രൊഫൈൽ പേജിൽ ലിസ്റ്റ് ചെയ്ത് കാണിക്കുന്നതാണ്.
5. അപ്രകാരം എൻട്രി വരുത്തിയ വിവരങ്ങളിൽ മാറ്റം വരുത്തുന്നതിനോ ഡിലീറ്റ് ചെയ്യുന്നതിനോ ഓരോ എൻട്രിയുടെയും വലതുവശത്തായി കാണപ്പെടുന്ന 'Action' ബട്ടണിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ മാറ്റം വരുത്താം.

6. എല്ലാ ബില്ലുകളും എൻട്രി വരുത്തിയതിനു ശേഷം **'Upload Consolidated Bill'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. .(File Size max.1 MB).
7. അപ് ലോഡ് ചെയ്ത bill കാണുന്നതിനായി 'View Uploaded Bill 'ബട്ടണിൽ ക്ലിക്ക് ചെയ്യുക. (ആവശ്യമെങ്കിൽ ഡിലീറ്റ് ചെയ്ത് വീണ്ടും അപ് ലോഡ് ചെയ്യാം).
8. Consolidated bill upload ചെയ്തതിനുശേഷം Form N-3 0 സൃഷ്ടിച്ചെടുക്കണം. അതിനായി **'Generate N-30'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അതിനുശേഷം N30 Download ചെയ്യാം. (ആവശ്യമെങ്കിൽ ജനറേറ്റ് ചെയ്ത N-3 0 ഡിലീറ്റ് ചെയ്യുന്നതിനായി **'Delete N-30'** click ചെയ്യുക.).
9. തുടർന്ന് Declaration ബട്ടൺ ക്ലിക്ക് ചെയ്ത് **'Submit'** ചെയ്യേണ്ടതാണ്.
10. Submit ചെയ്തതിനുശേഷം ലഭിക്കുന്ന Acknowledgement (Form N-29) ഡൗൺ ലോഡ് ചെയ്ത് സ്ഥാനാർത്ഥികൾക്ക് സൂക്ഷിക്കാവുന്നതാണ്.

Signed by
Prakash B S
Date: 06-02-2025 10:01:51

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**തിരുവനന്തപുരം -695033**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പിൽ ചെലവഴിക്കുന്ന തുകയുടെ കണക്ക് സൂക്ഷിക്കേണ്ട രീതി, തുകയുടെ പരിധി, പൊതു തിരഞ്ഞെടുപ്പ് സമയത്ത് നിയോഗിക്കപ്പെടുന്ന ചെലവ് നിരീക്ഷകരുടെ നടപടികളും നിരീക്ഷണവും, ഫല പ്രഖ്യാപനത്തിനുശേഷമുള്ള സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സമർപ്പണം, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥരുടെ നടപടികൾ, ചെലവ് കണക്ക് സമർപ്പിക്കുന്നതിലും മറ്റും വീഴ്ചവരുത്തിയവരുടെ അയോഗ്യത എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**നമ്പർ.B2/122/2025-SEC(1)** തീയതി: **18-10-2025**

**<u>സർക്കുലർ</u>**

**<u>പ്രാരംഭം</u>**

സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുതിന്, തിരഞ്ഞെടുപ്പിൽ ചെലവഴിക്കപ്പെടുന്ന പണത്തിന്റെ അമിത ചെലവാക്കൽ മൂലമുള്ള സ്വാധീനം ഒഴിവാക്കേണ്ടതുണ്ട്. ഈ ഉദ്ദേശ്യം മുൻനിർത്തിയാണ് തിരഞ്ഞെടുപ്പ് ചെലവുകൾക്ക് പരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ തിരഞ്ഞെടുപ്പ് നിയമങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നിയമവ്യവസ്ഥകളുടെ സുഗമമായ നടത്തിപ്പിന്, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന പൊതു തിരഞ്ഞെടുപ്പിലും തുടർന്നുള്ള ഉപതിരഞ്ഞെടുപ്പുകളിലും സ്ഥാനാർത്ഥികളോ അവരുടെ ഏജന്റുമാരോ, ഗുണകാംക്ഷികളോ, രാഷ്ട്രീയ പാർട്ടികളോ ചെലവഴിക്കുന്ന തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സംബന്ധിച്ച വ്യവസ്ഥകൾ, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 61-ാം ചട്ടവും 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 61-ാം ചട്ടവും അനുസരിച്ചാണ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

II. **<u>തിരഞ്ഞെടുപ്പ് ചെലവുകളുടെ പരിധി</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തരമനുസരിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിക്കും ചെലവഴിക്കാനാവുന്ന പരമാവധി തുകയുടെ പരിധി താഴെപ്പറയുന്ന നിയോജകമണ്ഡല ക്രമത്തിൽ നിയമപ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലം - രൂപ 25,000/-

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലം | - | രൂപ 75,000/- |
| ജില്ലാ പഞ്ചായത്ത് നിയോജകമണ്ഡലം | - | രൂപ 1,50,000/- |
| മുനിസിപ്പൽ കൗൺസിൽ വാർഡ് | - | രൂപ 75,000/- |
| മുനിസിപ്പൽ കോർപ്പറേഷൻ വാർഡ് | - | രൂപ 1,50,000/- |

ഒരു തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന ഏതൊരു സ്ഥാനാർത്ഥിയും താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെടുന്ന തീയതി വരെ (രണ്ടു തീയതികളും ഉൾപ്പെടെ) സ്ഥാനാർത്ഥിയോ, സ്ഥാനാർത്ഥിയുടെ ഏജന്റോ, സ്ഥാനാർത്ഥിക്കുവേണ്ടി മറ്റാരെങ്കിലുമോ വഹിക്കുന്നതും അധികാരപ്പെടുത്തുന്നതുമായവർ തിരഞ്ഞെടുപ്പിനുവേണ്ടി ചെലവാക്കാവുന്ന പരമാവധി തുകയാണ് മേൽ കാണിച്ചിരിക്കുന്നത്. എല്ലാ ചെലവിന്റെയും ദിവസേനയുള്ളതും പ്രത്യേകം പ്രത്യേകമുള്ളതും ശരിയായതുമായ ഒരു കണക്ക് സ്ഥാനാർത്ഥിയോ തിരഞ്ഞെടുപ്പ് ഏജന്റോ സൂക്ഷിച്ചിരിക്കണം. തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കിൽ ചുവടെ പറഞ്ഞിരിക്കുന്ന കാര്യങ്ങളും രേഖകളും അടങ്ങിയിരിക്കണം.

1. ചെലവ് ചെയ്ത തീയതി അല്ലെങ്കിൽ ചെലവ് ചെയ്യാൻ അധികാരപ്പെടുത്തിയ തീയതി.
2. ചെലവിന്റെ സ്വഭാവം അതായത് യാത്ര, തപാൽ, അച്ചടി, ചുവരെഴുത്ത്, ചുവർ പരസ്യം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, നോട്ടീസ്, ബാനർ, കമാനങ്ങൾ, ഉച്ചഭാഷിണി, യോഗം, വാഹന വാടക തുടങ്ങിയവയിൽ ഏതെന്ന് വ്യക്തമാക്കണം.
3. ചെലവ് തുക ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം കാണിച്ചിരിക്കണം. അതിൽ രൊക്കം കൊടുത്ത തുകയും, ബാക്കി കൊടുക്കാനുണ്ടെങ്കിൽ ആ തുകയും വേർതിരിച്ച് കാണിക്കണം.
4. പണം കൊടുത്ത തീയതി.
5. പണം കൈപ്പറ്റിയ ആളിന്റെ പേരും പൂർണ്ണ മേൽവിലാസവും.
6. പണം കൊടുത്ത സംഗതിയിൽ, വൗച്ചറുകളുടെ ക്രമ നമ്പർ.
7. കൊടുക്കാനുള്ള തുകയുടെ സംഗതിയിൽ, ബില്ലുകളുടെ ക്രമ നമ്പർ.
8. പണം കൊടുക്കാനുള്ള വ്യക്തിയുടെ പേരും, പൂർണ്ണ മേൽവിലാസവും.
9. തപാൽ, തീവണ്ടി യാത്ര തുടങ്ങിയ വൗച്ചർ ലഭിക്കാൻ സാദ്ധ്യതയില്ലാത്ത ചെലവുകൾ ഒഴികെയുള്ള മറ്റ് എല്ലാ ചെലവുകൾക്കും വൗച്ചർ നിർബന്ധമായും വാങ്ങിയിരിക്കണം.
10. തുക ഒടുക്കിയ തീയതിയനുസരിച്ച് വൗച്ചർ അടുക്കുകയും ക്രമ നമ്പർ ഇടുകയും ചെയ്യണം. നോട്ടീസ്, ചുവർ പരസ്യം, കമാനങ്ങൾ, ബാനറുകൾ തുടങ്ങിയവയുടെ മൊത്തം എണ്ണവും കാണിച്ചിരിക്കണം.

III. <u>ചെലവ് കണക്ക് സൂക്ഷിക്കാതിരിക്കുന്നത് കുറ്റകൃത്യം</u>

ഭാരതീയ ന്യായ സംഹിത, വകുപ്പ് 177 പ്രകാരം തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥി വഹിച്ച

ചെലവിന്റെ കണക്ക് സൂക്ഷിക്കാതിരിക്കുന്നത് അയ്യായിരം രൂപവരെ പിഴ ചുമത്താവുന്ന കുറ്റകൃത്യമാണ്.

IV. **<u>കണക്ക് സൂക്ഷിക്കാനുള്ള ഫാറവും രീതിയും</u>**

സൂചിപ്പിച്ചിട്ടുള്ള രീതിയിലും അതിനനുബന്ധമായ രേഖകളോടെയും നിശ്ചിത ഫാറത്തിലും വേണം കണക്കുകൾ എഴുതി സൂക്ഷിക്കാൻ. അതിനുള്ള ഫാറം N.30 വരണാധികാരിയുടെ പക്കൽനിന്നും, കമ്മീഷന്റെ വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഫാറം N.30 അനുബന്ധം – 6 ആയി നൽകിയിട്ടുണ്ട്.

V. **<u>ചെലവ് നിരീക്ഷകരുടെ (Expenditure Observer) നിയമനം</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 40 എ, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 96 എ എന്നിവ പ്രകാരം ഒരു പൊതു തിരഞ്ഞെടുപ്പാവശ്യത്തിലേക്കായി, അതിൽ മത്സരിച്ച സ്ഥാനാർത്ഥികൾ ചെലവഴിക്കുന്ന ചെലവുകൾ നിരീക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ആവശ്യമായത്രയും നിരീക്ഷകരെ നാമനിർദ്ദേശം ചെയ്ത് നിയമിക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അധികാരം നൽകുന്നു. അതിൻപ്രകാരം സംസ്ഥാന സർവീസിലെ ഉയർന്ന ഉദ്യോഗസ്ഥരെയാണ് ജില്ലകളിലെ പല മേഖലകളിലെ ചെലവ് നിരീക്ഷകരായി നിയമിക്കുന്നത്.

VI. **<u>ചെലവ് നിരീക്ഷകരുടെ ഡ്യൂട്ടിക്ക് ഹാജരാകലും അവർക്ക് ഏർപ്പെടുത്തുന്ന സൗകര്യങ്ങളും</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്ന നിയമന ഉത്തരവിൽ പറഞ്ഞിരിക്കുന്ന സമയത്ത് ചുമതല ഏൽക്കുന്നതായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ (ജില്ലാ കളക്ടർ) അറിയിക്കേണ്ടതാണ്. ചെലവ് നിരീക്ഷകർക്കുള്ള താമസസൗകര്യം, ഡ്രൈവറോടുകൂടിയ ഒരു വാഹനം, തിരിച്ചറിയൽ കാർഡ് എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഏർപ്പെടുത്തിനൽകുന്നതാണ്. തിരിച്ചറിയൽ കാർഡിന്റെ ആവശ്യത്തിലേക്കായി, നിയമിതരായവർ തങ്ങളുടെ ഒരു ഫോട്ടോയും മറ്റുവിശദാംശങ്ങളും ജില്ലയിലെ തിരഞ്ഞെടുപ്പ് വിഭാഗത്തിന് കൈമാറേണ്ടതാണ്. ഡ്യൂട്ടി അവസാനിക്കുന്ന സമയം ഈ തിരിച്ചറിയൽ കാർഡ് റിപ്പോർട്ടിനൊപ്പം അവർക്ക് തിരികെ നൽകേണ്ടതാണ്. ഡ്യൂട്ടി സർട്ടിഫിക്കറ്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നൽകുന്നതായിരിക്കും. തിരിച്ചറിയൽ കാർഡ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് എന്നിവയുടെ മാതൃക അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

VII. **<u>ചെലവ് നിരീക്ഷകരുടെ അധികാരങ്ങൾ</u>**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സംശുദ്ധമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് നിരീക്ഷകരെ നിയമിക്കുന്നത്. അവർ കമ്മീഷന്റെ പ്രതിനിധികളാണ്. കമ്മീഷൻ ഏൽപ്പിക്കുന്ന കർത്തവ്യങ്ങൾ നിർവഹിക്കുന്നതിനുള്ള എല്ലാ അധികാരങ്ങളും അവർക്കുണ്ടായിരിക്കുന്നതാണ്.

VIII. **<u>തിരഞ്ഞെടുപ്പ് സമയത്തുള്ള ചെലവ് നിരീക്ഷണവും പരിശോധനയും</u>**

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതിന് മുൻപ് ഏത് തീയതിയിലും, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, കമ്മീഷൻ നിയമിക്കുന്ന തിരഞ്ഞെടുപ്പ് നിരീക്ഷകർ എന്നിവർക്ക് കണക്കുകൾ പരിശോധിക്കാവുന്നതും, പരിശോധിച്ച കാര്യം കണക്ക് സൂക്ഷിക്കുന്ന ഫാറത്തിൽ തന്നെ രേഖപ്പെടുത്താവുന്നതും, അതിനുവേണ്ടി സ്ഥാനാർത്ഥിയോ ഏജന്റോ കണക്കുകൾ ഹാജരാക്കേണ്ടതുമാണ്. കണക്ക് സംബന്ധിച്ച് നിരീക്ഷകൻ നൽകുന്ന റിപ്പോർട്ടും, ഫല പ്രഖ്യാപനത്തിനുശേഷമുള്ള കണക്ക് പരിശോധനയിൽ പരിഗണിക്കുന്നതാണ്.

IX. **<u>ചെലവ് നിരീക്ഷകരുടെ ചുമതലകൾ</u>**

പൊതുതിരഞ്ഞെടുപ്പിൽ സന്ദർഭം ആവശ്യപ്പെടുന്നപക്ഷം സ്ഥാനാർത്ഥികളുടെ ദിവസേനയുള്ള കണക്കുകൾ പരിശോധിക്കുന്നതിനും അവരുടെ തിരഞ്ഞെടുപ്പ് ചെലവുകളെ സംബന്ധിച്ച് അതാതിടങ്ങളിൽവച്ച് വിലയിരുത്തുന്നതിനും കമ്മീഷൻ ചെലവ് നിരീക്ഷകരെ മേഖലാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ചെലവ് നിരീക്ഷകർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ച് ഓരോ നിയോജമണ്ഡലത്തിനും/വാർഡിനും അനുവദനീയമായ പരിധിയിൽ കവിഞ്ഞും അമിതമായും ഓരോ സ്ഥാനാർത്ഥിയും പണം ചെലവഴിക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1. നിരീക്ഷകർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന മേഖലയെ സംബന്ധിച്ചും അവിടത്തെ ഓരോ തലത്തിലുമുള്ള സ്ഥാനാർത്ഥികളുടെയും അവരുടെ തിരഞ്ഞെടുപ്പ് ഏജൻറുമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വിശദവിവരങ്ങൾ അതതു വരണാധികാരികളുമായി ബന്ധപ്പെട്ട് മുൻകൂട്ടി ശേഖരിക്കേണ്ടതും തങ്ങളുടെ ദിവസേനയുള്ള ഫീൽഡ് പരിശോധന പ്ലാൻ തയ്യാറാക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഫീൽഡ് പരിശോധന പ്ലാനിന്റെ പകർപ്പുകൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. അടിയന്തര സ്വഭാവമുള്ള പരാതികൾ അപ്പോൾ തന്നെ പരിശോധിക്കേണ്ടതാണ്.

2. തങ്ങളുടെ അധികാരപരിധിയിൽ വരുന്ന മേഖലയിൽ ഓരോ തലത്തിലുമുള്ള സ്ഥാനാർത്ഥികൾ അമിതമായ എണ്ണത്തിൽ പ്രചാരണ വാഹനങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, ദിനംപ്രതി അവർ സൂക്ഷിക്കേണ്ടതായ തിരഞ്ഞെടുപ്പ് കണക്കിൽ അവയുടെ ചെലവ് എഴുതി സൂക്ഷിക്കുന്നുണ്ടോയെന്നും കണക്കിൽ രേഖപ്പെടുത്തിയ തുകകൾ അവയുടെ പ്രചാരണ രീതി, ഉപയോഗിക്കുന്ന വാഹനം എന്നിവ കണക്കിലെടുത്ത് പര്യാപ്തമാണോയെന്ന് നിരീക്ഷിക്കേണ്ടതും സംശയാസ്പദമായ സാഹചര്യങ്ങളിൽ സ്ഥാനാർത്ഥി/തിരഞ്ഞെടുപ്പ് ഏജന്റ് എന്നിവർക്ക് നോട്ടീസ് നൽകി കണക്ക് രേഖകൾ പരിശോധിക്കാവുന്നതുമാണ്. അതോടൊപ്പം പ്രസ്തുത പ്രചാരണ വാഹനങ്ങളിൽ നിയമപ്രകാരം സൂക്ഷിക്കേണ്ട രേഖകളായ വാഹന പെർമിറ്റ്, ഫിറ്റ്നസ്, മൈക്ക് പെർമിറ്റ് മുതലായവ ഉണ്ടോയെന്ന് പരിശോധിക്കാവുന്നതും, രേഖകളില്ലെന്നു കാണുന്ന പക്ഷം അത്തരം വാഹനങ്ങൾ പിടിച്ചെടുക്കാൻ പോലീസിന് നിർദ്ദേശം നൽകാവുന്നതുമാണ്. നിർദ്ദേശം

നൽകിയതിന്റെ പകർപ്പോ / വിവരമോ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും (ജില്ലാ മജിസ്ട്രേറ്റ്) വരണാധികാരിക്കും നൽകേണ്ടതുമാണ്. ആവശ്യമെങ്കിൽ പ്രസ്തുത വിവരം പൊതു നിരീക്ഷകന്റെ ശ്രദ്ധയിൽ കൊണ്ടുവരാവുന്നതുമാണ്. സ്ഥാനാർത്ഥികൾ കണക്കുകൾ സൂക്ഷിക്കാത്തതും അമിതമായ ചെലവഴിക്കൽ സംബന്ധിച്ച വിവരങ്ങളും റിപ്പോർട്ടായി തുടർനടപടികൾക്കായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

3. സ്ഥാനാർത്ഥികളുടെ പ്രചാരണ യോഗങ്ങളിൽ അമിതമായ പണത്തിന്റെ സ്വാധീനവും ആർഭാടവുമുണ്ടോയെന്ന് നിരീക്ഷേണ്ടതും നടത്തപ്പെടുന്ന യോഗങ്ങളുടെ രീതിക്ക് അനുയോജ്യമായ തുകയാണോ ദിനംപ്രതിയുള്ള കണക്കിൽ അവർ രേഖപ്പെടുത്തിയിട്ടുള്ളതെന്നും കണക്കുകൾ വാങ്ങി പരിശോധിക്കേണ്ടതുമാണ്.

4. സ്ഥാനാർത്ഥികൾ പ്രചാരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ, അച്ചടിച്ച നോട്ടീസുകൾ, ചുവർ പരസ്യങ്ങൾ, ബാനറുകൾ, കമാനങ്ങൾ, നടത്തിയ യോഗങ്ങൾ, മറ്റുപരിപാടികൾ തുടങ്ങിയവ സംബന്ധിച്ച് ചെലവ് നിരീക്ഷകൻ പ്രത്യേക നിരീക്ഷണവും അന്വേഷണവും നടത്തേണ്ടതാണ്. ചെലവ് നിരീക്ഷകൻ ആവശ്യപ്പെടുമ്പോൾ അതുവരെയുള്ള കണക്കുകൾ സ്ഥാനാർത്ഥിയോ എജന്റോ ഹാജരാക്കണം.

5. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് നോട്ടീസുകളിലും, ലഘുലേഖകളിലും പ്രസാധകന്റെയും പ്രസ്സുടമയുടെയും വിശദാംശം, അച്ചടിച്ച കോപ്പികളുടെ എണ്ണം മുതലായ വിവരങ്ങൾ നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും പ്രസാധകൻ ഇതു സംബന്ധിച്ച പ്രഖ്യാപന ഫാറം- N-5 പ്രസ്സുടമയ്ക്ക് നൽകിയിട്ടുണ്ടോയെന്നും, പ്രസ്സുടമ ഇത് സംബന്ധിച്ച പ്രഖ്യാപന ഫാറം- N-5A ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കാത്ത പക്ഷം അത് തുടർനടപടികൾക്കായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് റിപ്പോർട്ടു ചെയ്യേണ്ടതാണ്. പ്രഖ്യാപന ഫാറം N-5, N-5A എന്നിവ ഇതോടൊപ്പം അനുബന്ധം - 2, 3 ആയി നൽകിയിട്ടുണ്ട്.

6. പ്രചരണത്തിനായി ഹോർഡിംഗുകളോ, ബാനറുകളോ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ സ്ഥാനാർത്ഥിയോ ഏജന്റോ അത് സംബന്ധിച്ച് തുക രേഖപ്പെടുത്തിയ ഡിക്ലറേഷൻ ഫാറം N-5B യിൽ വരണാധികാരിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. ഫാറം N-5B, അനുബന്ധം - 4 ആയി നൽകിയിട്ടുണ്ട്.

7. നിരീക്ഷകർ കമ്മീഷന്റെ പ്രതിനിധികളായാണ് ഫീൽഡിൽ നിയോഗിക്കപ്പെടുന്നത്. ആയതിനാൽ ചെലവ് നിരീക്ഷകർ നിഷ്പക്ഷവും നീതിപൂർവ്വകവുമായാണ് പ്രവർത്തിക്കേണ്ടത്. തങ്ങളുടെ പ്രവർത്തനത്തിൽ യാതൊരുതരത്തിലുമുള്ള രാഷ്ട്രീയ പക്ഷപാതമോ മറ്റോ ഉണ്ടാവാൻപാടുള്ളതല്ല. എല്ലാ സ്ഥാനാർത്ഥികളോടും ഒരേ തരത്തിലുള്ള നയസമീപനം മാത്രമേ സ്വീകരിക്കാൻപാടുള്ളൂ. അത്തരത്തിലുള്ള ജാഗ്രത തങ്ങളുടെ നിരീക്ഷണ പ്രവർത്തനങ്ങളിലുടനീളം പുലർത്തേണ്ടതാണ്.

8. ചെലവ് നിരീക്ഷകരുടെ ഡ്യൂട്ടി അവസാനിക്കുമ്പോൾ തങ്ങൾ നടത്തിയ ദൈനംദിന പ്രവർത്തനങ്ങളുടെ വിശദ റിപ്പോർട്ട് എന്തെങ്കിലും അഭിപ്രായമോ ശുപാർശയോ ഉണ്ടെങ്കിൽ അവ സഹിതം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും, തിരഞ്ഞെടുപ്പ് കമ്മീഷനും സമർപ്പിക്കേണ്ടതാണ്.

## X. <u>വരണാധികാരികൾ സ്വീകരിക്കേണ്ട നടപടികൾ</u>

1. തിരഞ്ഞെടുപ്പ് സമയത്ത് വിളിച്ചുചേർക്കുന്ന സ്ഥാനാർത്ഥികളുടെ യോഗത്തിൽ ചെലവ്കണക്ക് സംബന്ധിച്ച വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.
2. ടി യോഗത്തിൽ സ്ഥാനാർത്ഥികളുടെ ചെലവ് പരിധി സംബന്ധിച്ചും, ചെലവഴിക്കേണ്ട രീതി സംബന്ധിച്ചും, ചെലവഴിച്ച തുകയുടെ കണക്ക് സമർപ്പണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം എന്നിവയും വിശദമായി അവർക്ക് നൽകേണ്ടതാണ്. ടി യോഗത്തെക്കുറിച്ച് ചെലവ് നിരീക്ഷകരെയും, പോലീസ് ഓഫീസറെയും അറിയിക്കേണ്ടതാണ്. പ്രചാരണത്തിനു വേണ്ടിയും മറ്റും അച്ചടിക്കുന്ന നോട്ടീസുകൾ, ലഘുലേഖകൾ, കമാനങ്ങൾ മുതലായവ സംബന്ധിച്ച കമ്മീഷന്റെ G2 മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. കമ്മീഷന്റെ G2 മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധം-5 ആയി നൽകിയിട്ടുണ്ട്.
3. ചെലവ് നിരീക്ഷകർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
4. <u>**ഉപതിരഞ്ഞെടുപ്പ് വേളകളിൽ ചെലവ് നിരീക്ഷകരുടെ ചുമതലകൾ അതത് വരണാധികാരികൾ നിർവ്വഹിക്കേണ്ടതാണ്.**</u>

## XI. <u>ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ മജിസ്ട്രേറ്റുമാരുടെ നടപടികൾ</u>

1. ചെലവ് നിരീക്ഷകരുടെ നിയമനത്തെ തുടർന്ന് ഈ സർക്കുലറിലും കമ്മീഷൻ നൽകുന്ന മറ്റു നിർദേശങ്ങളിലും പരാമർശിച്ചിട്ടുള്ള തുടർനടപടികൾ പ്രാവർത്തികമാക്കേണ്ടതാണ്. ചെലവ് നിരീഷകരുടെ മേഖലയെക്കുറിച്ചും വരണാധികാരികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നീ വിശദാംശങ്ങൾ അവർക്ക് നൽകേണ്ടതാണ്.
2. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഇതോടൊപ്പം അനുബന്ധമായി നൽകിയിട്ടുള്ള G2 നിർദ്ദേശത്തിലെ നടപടികളെടുക്കേണ്ടതാണ്.
3. നിയമ ലംഘനങ്ങൾ നിരീക്ഷകരും വരണാധികാരികളും റിപ്പോർട്ട് ചെയ്യുമ്പോൾ അവയുടെ സ്വഭാവമനുസരിച്ചുള്ള അടിയന്തര നടപടിയെടുക്കാൻ പോലീസിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകേണ്ടതും അതുറപ്പാക്കേണ്ടതുമാണ്.

## XII. <u>ഗുണകാംക്ഷികളോ രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന തുക</u>

ഒരു സ്ഥാനാർത്ഥിക്കുവേണ്ടി സ്ഥാനാർത്ഥിയുടെ ഗുണകാംക്ഷികളോ, രാഷ്ട്രീയ പാർട്ടികളോ ചെലവാക്കുന്ന തുക സംബന്ധിച്ച് ഏത് കാര്യത്തിന് ആര് ചെലവാക്കിയെന്നും മറ്റുമുള്ള വിശദ

വിവരങ്ങൾ രേഖാമൂലം ഉടൻതന്നെ വരണാധികാരിയെ അറിയിച്ചിരിക്കണം. ചെലവ് ചെയ്ത ആളോ പാർട്ടിയോ, ചെലവ് ചെയ്ത തുക സംബന്ധിച്ചും, എന്തിനുവേണ്ടി ചെലവാക്കിയെന്നത് സംബന്ധിച്ചും വിശദമായ വിവരങ്ങൾ സ്ഥാനാർത്ഥി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്. തർക്കമുണ്ടായാൽ അവ ആവശ്യപ്പെടുന്ന അധികാരി മുൻപാകെ ഹാജരാക്കുകയും വേണം. അല്ലാത്ത പക്ഷം ആ ചെലവുകൾ സ്ഥാനാർത്ഥിയുടെ ചെലവായി കണക്കാക്കുന്നതാണ്.

## XIII. <u>പരാതികൾ</u>

നിയമവിരുദ്ധമായ ചെലവുകൾ നടത്തുന്ന കാര്യം സംബന്ധിച്ച പരാതികൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട ചെലവ് നിരീക്ഷകന്റെയും ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. കമ്മീഷന് ലഭിക്കുന്ന എല്ലാ പരാതികളും, കമ്മീഷൻ, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും, ചെലവ് നിരീക്ഷകനും കൈമാറുന്നതും, റിപ്പോർട്ട് തേടുന്നതുമാണ്. പണത്തിന്റെ അമിതമായ സ്വാധീനം തിരഞ്ഞെടുപ്പിൽ ഒഴിവാക്കുന്നതിനുവേണ്ടി കമ്മീഷൻ നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## XIV. <u>ഫലപ്രഖ്യാപനത്തിനുശേഷമുള്ള സ്ഥാനാർത്ഥികളുടെ കണക്ക് സമർപ്പണം</u>

സ്ഥാനാർത്ഥികൾക്ക് ചെലവ് കണക്ക് സമർപ്പിക്കാൻ വേണ്ടിയുള്ള അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ താഴെപ്പറയുന്നവരാണ്.

ഗ്രാമപഞ്ചായത്തിലെ സ്ഥാനാർത്ഥികൾ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിലെ സ്ഥാനാർത്ഥികൾ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ജില്ലാ പഞ്ചായത്തിലെ സ്ഥാനാർത്ഥികൾ - ജില്ലാ പഞ്ചായത്ത് സെക്രട്ടറി

മുനിസിപ്പൽ കൗൺസിലിലെ സ്ഥാനാർത്ഥികൾ - മുനിസിപ്പൽ കൗൺസിൽ സെക്രട്ടറി

മുനിസിപ്പൽ കോർപ്പറേഷനിലെ സ്ഥാനാർത്ഥികൾ - മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി

## XV. <u>തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കാനുള്ള ഫാറം N-30</u>

സ്ഥാനാർത്ഥികൾ ഫാറം N-30 ൽ നിർദ്ദിഷ്ട രേഖകളോടെ വേണം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് കണക്ക് സമർപ്പിക്കേണ്ടത്.

## XVI. <u>തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കേണ്ട സമയപരിധി</u>

തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫാറം N-30 യിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിച്ചിരിക്കണം. കണക്കിനോടൊപ്പം രസീത്, വൗച്ചർ, ബില്ല് തുടങ്ങിയവയുടെ പകർപ്പുകൾ നൽകണം. ഒറിജിനൽ രേഖകൾ സ്ഥാനാർത്ഥി തന്നെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## XVII. അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ പ്രാഥമിക നടപടി

1. സ്ഥാനാർത്ഥികൾ സമർപ്പിച്ച കണക്കുകളെ സംബന്ധിച്ച് ക്രമനമ്പർ, സ്ഥാനാർത്ഥിയുടെ പേര്, സമർപ്പിച്ച തീയതി, കൈപ്പറ്റ് രസീത് കൊടുത്ത വിവരം തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു Inward Register സൂക്ഷിച്ചുപോരേണ്ടതാണ്.
2. സ്ഥാനാർത്ഥികൾ കണക്ക് സമർപ്പിക്കുന്ന തീയതിയുടെ ക്രമത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.
3. യഥാവിധിയുള്ള കണക്കുകൾ സ്വീകരിക്കേണ്ടതും സമർപ്പിച്ച എല്ലാവർക്കും നിർബന്ധമായും തീയതി, പേര്, സ്ഥാന പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയ കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്.

## XVIII. തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനുശേഷമുള്ള കണക്ക് പരിശോധന

സ്ഥാനാർത്ഥികൾ സമർപ്പിച്ച ചെലവുകളുടെ കണക്ക്, അത് സമർപ്പിച്ച തീയതി മുതൽ രണ്ടു ദിവസത്തിനകം താഴെപ്പറയുന്ന വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഒരു നോട്ടീസ് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ തന്റെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

(എ). സ്ഥാനാർത്ഥിയുടെ പേര്

(ബി). കണക്ക് സമർപ്പിക്കപ്പെട്ട തീയതി

(സി). കണക്ക് പരിശോധിക്കാവുന്ന സ്ഥലവും സമയവും

ഇപ്രകാരം സമർപ്പിക്കുന്ന കണക്കുകൾ പരിശോധിക്കുന്നതിന് അഞ്ചു രൂപാ ഫീസ് നൽകുന്ന ആർക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. അതുപോലെ പേജ് ഒന്നിന് 3 രൂപാ നിരക്കിനൊപ്പം 25 രൂപ സാക്ഷ്യപ്പെടുത്തൽ ഫീസും നൽകുന്നവർക്ക് കണക്കിന്റെ ഭാഗികമോ പൂർണ്ണമോ ആയ പകർപ്പും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നതാണ്. ഫീസുകൾ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ ഒടുക്ക വരുത്താവുന്നതും, ഫീസുകൾക്ക് ജി.എസ്.ടി നിരക്കുകൾ അതതു സംഗതിപോലെ ബാധകമായിരിക്കുന്നതുമാണ്.

## XIX. കമ്മീഷന്റെ പരിശോധന

കണക്ക് സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചാലുടൻ, അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ തനിക്ക് ലഭിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ, പ്രസ്തുത കണക്കുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റ് സഹിതം കമ്മീഷൻ സെക്രട്ടറിയ്ക്ക് N-28 ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്. അപ്രകാരം സമർപ്പിക്കുന്ന കണക്കുകളും ലിസ്റ്റും പരിശോധിച്ച് തുടർനടപടി കൈക്കൊള്ളുന്നതിന് കമ്മീഷനിൽ പ്രത്യേക സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

## XX. കണക്കുകളുടെ ഓൺലൈൻ സമർപ്പണം

തിരഞ്ഞെടുപ്പിൽ ചെലവഴിച്ച തുകയുടെ കണക്കുകൾ ഫല പ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം ഓൺലൈൻ വഴിയോ അല്ലെങ്കിൽ നേരിട്ടോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തന്നെയാണ് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ.

സ്ഥാനാർത്ഥികൾക്കു ഓൺലൈൻ വഴി കമ്മീഷന്റെ വെബ് പോർട്ടൽ (https://www.sec.kerala.gov.in) –ലെ 'Candidate Registration' ലൂടെ ചെലവ് കണക്കുകൾ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. പ്രസ്തുത ലിങ്ക് ഫല പ്രഖ്യാപന തീയതി മുതൽ 30 ദിവസത്തേക്ക് മാത്രമേ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടലിൽ ലഭ്യമാവുകയുള്ളൂ. (**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് പോർട്ടൽ (https://www.sec.kerala.gov.in) – ലെ 'Candidate Registration' വഴി ഓൺലൈനായി സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ വെബ് പോർട്ടലിൽ 'Candidate Registration' എന്ന Button ന് വലതുവശത്തായുള്ള 'Guidelines' എന്ന Tab ൽ ലഭ്യമാണ്.**)

ഓൺലൈനായി തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥികൾക്കുള്ള മാർഗ്ഗരേഖ വെബ്പോർട്ടലിൽ ലഭ്യമാണ്.

## XXI. <u>ശരിയായ കണക്ക് സമർപ്പിക്കാത്തവർക്കുള്ള അയോഗ്യത</u>

താഴെപറയുന്ന കാര്യങ്ങൾക്ക് സ്ഥാനാർത്ഥിയെ അയോഗ്യനായി പ്രഖ്യാപിക്കുന്നതാണ്.

1. നിശ്ചിത സമയപരിധിക്കുള്ളിൽ കണക്ക് സമർപ്പിക്കാതിരിക്കുക.
2. നോട്ടീസ് സമയപരിധിയിൽ വിശദീകരണത്തോടൊപ്പം കണക്ക് സമർപ്പിക്കാതിരിക്കുക.
3. നിർണ്ണയിക്കപ്പെട്ട രീതിയിൽ കണക്ക് സമർപ്പിക്കാതിരിക്കുക.
4. നിശ്ചിത ഫാറത്തിൽ സമർപ്പിക്കാതിരിക്കുക.
5. അപൂർണ്ണമായ കണക്കുകൾ സമർപ്പിക്കുക.
6. തെറ്റായ കണക്ക് സമർപ്പിക്കുക.
7. വൗച്ചറുകൾ, ബില്ലുകൾ തുടങ്ങിയ രേഖകളുടെ പകർപ്പുകൾ നൽകാതിരിക്കുക.
8. അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന് സമർപ്പിക്കാതെ മറ്റാർക്കെങ്കിലും കണക്ക് സമർപ്പിക്കുക.
9. കണക്ക് നിയമാനുസൃതമല്ലാതിരിക്കുക.
10. പരിധിയിൽ കവിഞ്ഞ് ചെലവഴിക്കുക.

സ്ഥാനാർത്ഥി തന്നെ കണക്ക് സമർപ്പിക്കേണ്ടതാണ്. കണക്ക് കൊടുത്തു എന്നതിന് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തീയതിയും, മുദ്രയും ഉള്ള രസീതുകൾ വാങ്ങി തെളിവായി സൂക്ഷിക്കേണ്ടതാണ്. ഓൺലൈനായി കണക്ക് സമർപ്പിക്കുന്നവർ കൈപ്പറ്റ് രസീതിന്റെ

acknowledgment download ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

കമ്മീഷന്റെ തുടർ പരിശോധനയിൽ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയവരെയും അത് മതിയായ കാരണമില്ലാതെയാണെന്നും കുറ്റക്കാരെന്നും കാണുന്ന സംഗതിയിൽ, അത്തരം സ്ഥാനാർത്ഥികളെ മറ്റ നടപടികളെല്ലാം പൂർത്തിയാക്കി ഉത്തരവു തീയതി മുതൽ അഞ്ച് വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യരായി ഗസറ്റ് വിജ്ഞാപനം മൂലം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കുന്നതാണ്.

Signed by
Prakash B S
Date: 18-10-2025 14:39:18

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ ഉപ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

തിരഞ്ഞെടുപ്പ് പൊതുനിരീക്ഷകർ

തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകർ

എല്ലാ വരണാധികാരികൾക്കും, ഉപവരണാധികാരികൾക്കും.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും

പകർപ്പ്:-

സ്റ്റാന്റിംഗ് കൗൺസിൽ,

പി.ആർ.ഒ, സം.തി.ക.

കമ്മീഷനിലെ എല്ലാ ഉദ്യോഗസ്ഥർക്കും സെക്ഷനുകൾക്കും,

ഐ.ടി സെൽ

കമ്മീഷണറുടെ പി.എസ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

അനുബന്ധം – 1

**KERALA STATE ELECTION COMMISSION**
**GENERAL ELECTION – 2025**
**EXPENDITURE OBSERVER**
**......................District**

**Photo**

**Name :**
**PEN :**
**Zonal Area :**
**Valid Upto :**

**Sd/-**
**District Election Officer & DM**
**For State Election Commission**

# KERALA STATE ELECTION COMMISSION
# GENERAL ELECTION – 2025

**……………. District**

DUTY CERTIFICATE

This is to certify that Sri/Smt………………………….PEN………………. Designation…………………………………………………Office………………………… …………………….………has rendered his/her service as EXPENDITURE OBSERVER in zone……………………………………..….during General Election, 2025 from …………………..to……………..(period)

**Date :** **Sd/-**
**District Election Officer & DM**
(Seal) **For State Election Commission.**

## അനുബന്ധം - 2

ഫാറം എൻ - 5

### തിരഞ്ഞെടുപ്പ് ലഘുലേഖകളുടേയും പോസ്റ്ററുകളുടേയും പ്രസാധകർ ഹാജരാക്കേണ്ട പ്രഖ്യാപനത്തിനുള്ള ഫാറം

(1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 124-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 148-ാം വകുപ്പും കാണുക)

..........................................................(അച്ചടിശാലയുടെ പേര്)-യിൽ അച്ചടിച്ച ..........................................................(തിരഞ്ഞെടുപ്പ് ലഘുലേഖയുടേയും പോസ്റ്ററിന്റേയും വിവരണം)-യുടെ പ്രസാധകൻ..........................................................ജില്ലയിൽ ..........................................................ഗ്രാമത്തിൽ/പട്ടണത്തിൽ..........................................................വീട്ടിൽ താമസം..........................................................ന്റെ മകനായ/മകളായ/ഭാര്യയായ.......................................................... എന്ന ഞാൻ തന്നെയാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

സ്ഥലം..........................................................

തീയതി..........................................................

പ്രസാധകന്റെ ഒപ്പ്..........................................................

വിലാസം..........................................................

..........................................................

..........................................................

(പ്രസാധകനെ നേരിട്ടറിയുന്ന ആളുകൾ സാക്ഷ്യപ്പെടുത്തുന്നത്)

മുകളിൽപ്പറഞ്ഞ പ്രസാധകനെ നേരിൽ അറിയാമെന്നും അദ്ദേഹമാണ് മുകളിൽ ഒപ്പിട്ടത് എന്നും സാക്ഷ്യപ്പെടുത്തുന്നു.

1. സാക്ഷ്യപ്പെടുത്തുന്ന ആളിന്റെ ഒപ്പ്..........................................................

   പേര്..........................................................

   വിലാസം..........................................................

   ..........................................................

   ..........................................................

2. സാക്ഷ്യപ്പെടുത്തുന്ന ആളിന്റെ ഒപ്പ്..........................................................

   പേര്..........................................................

   വിലാസം..........................................................

   ..........................................................

   ..........................................................

---

കുറിപ്പ് : പ്രസാധകൻ അച്ചടിശാലയിൽ നൽകേണ്ടത്.

## അനുബന്ധം – 3

### ഫാറം എൻ. 5 എ

### തിരഞ്ഞെടുപ്പ് പോസ്റ്ററുകൾ, ലഘുലേഖകൾ എന്നിവ അച്ചടിച്ചത് സംബന്ധിച്ച് പ്രസ്സുടമ സമർപ്പിക്കേണ്ട ഫാറം

*(1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 124-ാം വകുപ്പ്/1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 148-ാം വകുപ്പ് കാണുക)*

.............................................................. സംസ്ഥാനത്ത് .............................................................. ജില്ലയിൽ .................................................................................................................. (ഗ്രാമം/പട്ടണം) ............................................................................... വീട്ടിൽ താമസിക്കുന്നയാളും ........................................................ എന്നയാളുടെ മകനും/മകളും/ഭർത്താവും/ഭാര്യയും ആയ ............................................................................................................... (പ്രസാധകന്റെ പേര്) വേണ്ടി പോസ്റ്ററുകൾ (...................... പ്രതികൾ), ലഘുലേഖകൾ ( ............. പകർപ്പുകൾ), പരസ്യ പ്രസ്താവനകൾ (.................. പകർപ്പുകൾ) അച്ചടിച്ച വകയിൽ ........................................................ രൂപ കൈപ്പറ്റിയിട്ടുള്ളതായി ............................................................................................... സംസ്ഥാനത്ത്............................................... ജില്ലയിൽ ............................................... (ഗ്രാമം/ പട്ടണം) ................................ (പ്രസ്സിന്റെ പേര്) എന്ന സ്ഥാപനത്തിന്റെ ഉടമയുമായ ............................................... (പ്രസ്സുടമയുടെ പേര്) ......................................... ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ ഇതിനാൽ ബോധിപ്പിക്കുന്നു. പ്രസാധകൻ സമർപ്പിച്ച പ്രഖ്യാപനത്തിന്റെ പകർപ്പ്, അച്ചടിച്ച പോസ്റ്ററുകൾ, ലഘുലേഖകൾ, പരസ്യപ്രസ്താവനകൾ എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ഹാജരാക്കുന്നു.

സ്ഥലം................................. പ്രസ്സുടമയുടെ ഒപ്പ് ...................................................

തീയതി................................ മുഴുവൻ മേൽവിലാസം .............................................

..........................................................................................................

..........................................................................................................

..........................................................................................................

## അനുബന്ധം - 4

### ഫാറം എൻ - 5 ബി

### തിരഞ്ഞെടുപ്പ് പരസ്യബോർഡുകൾ, ബാനറുകൾ എന്നിവ സംബന്ധിച്ച് സ്ഥാനാർത്ഥി/തിരഞ്ഞെടുപ്പ് ഏജന്റ്, വരണാധികാരി മുമ്പാകെ സമർപ്പിക്കേണ്ട പ്രഖ്യാപനത്തിനുള്ള ഫാറം

1. മത്സരിക്കുന്ന സ്ഥാനാർത്ഥിയുടെ പേര് : ..........................................

2. മത്സരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് : ..........................................

3. നിയോജകമണ്ഡലം/വാർഡ് നമ്പരും പേരും : ..........................................

4. താഴെപ്പറയുന്ന എണ്ണം പരസ്യ ബോർഡുകളും ബാനറുകളും തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുണ്ട്/ ഉയർത്തിയിട്ടുണ്ട്

| | | | എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| (എ) | പരസ്യബോർഡ് | : | .............................. | .............................. |
| (ബി) | ബാനറുകൾ | : | .............................. | .............................. |

മേൽ പരാമർശിച്ച വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ..........................................

തീയതി : ..........................................

സ്ഥാനാർത്ഥിയുടെ/തിരഞ്ഞെടുപ്പ് ഏജന്റിന്റെ പേരും ഒപ്പും

## അനുബന്ധം - 5

## മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ -G2

### പഞ്ചായത്ത്/മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ലഘുലേഖകളും പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും സംബന്ധിച്ച്, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

തിരഞ്ഞെടുപ്പ് ലഘുലേഖകളും പോസ്റ്ററുകളും അച്ചടിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ച് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 124-ാം വകുപ്പ് പ്രകാരവും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 148-ാം വകുപ്പ് പ്രകാരവും നിഷ്കർഷിച്ചിട്ടുള്ള നിയന്ത്രണങ്ങളിലേയ്ക്ക് എല്ലാ രാഷ്ട്രീയപാർട്ടികളുടേയും തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളുടേയും, അച്ചടിശാലാ ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. കൈകൊണ്ട് പകർത്തിയെഴുതുന്നതൊഴിച്ച്, അച്ചടിക്കുന്നതോ മറ്റ് രീതിയിൽ പകർപ്പുകൾ എടുക്കുന്നതോ ആയ എല്ലാ തിരഞ്ഞെടുപ്പ് ലഘുലേഖകളിലും പോസ്റ്ററുകളിലും നോട്ടീസുകളിലും അച്ചടിച്ച പ്രസ്സിന്റേയും പ്രസാധകന്റേയും പേരും വിലാസവും മുൻപേജിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. അപ്രകാരമുള്ള ഓരോ രേഖകളും അച്ചടിക്കുന്ന ആൾ പ്രസാധകന്റെ പക്കൽ നിന്നും തന്റെ അനന്യതയെ (IDENTITY) സംബന്ധിച്ച് നേരിട്ട് അറിയുമെന്ന് രണ്ട് ആളുകൾ സാക്ഷ്യപ്പെടുത്തിയ ഫലപ്രഖ്യാപനത്തിന്റെ രണ്ട് പ്രതികൾ വാങ്ങിയിരിക്കേണ്ടതാണ്.

3. പ്രസ്സുടമ മേൽപ്രകാരമുള്ള രേഖകൾ അച്ചടിച്ചാലുടൻ അതിന്റെ ഒരു പകർപ്പ് (പ്രഖ്യാപനത്തിന്റെ പകർപ്പ്) സഹിതം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് അയച്ചുകൊടുക്കേണ്ടതാണ്.

4. നിയമത്തിലെ പ്രസ്തുത വകുപ്പ് ലംഘിക്കുന്നവർ ആറുമാസം വരെയുള്ള തടവിനോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉള്ള ശിക്ഷയ്ക്ക് വിധേയനാകും.

5. മേൽ പ്രസ്താവിച്ച പ്രകാരമുള്ള നിയമാനുശാസനകൾ കൃത്യമായി അനുവർത്തിക്കുന്നുണ്ടെന്നും പാലിക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(1) ജില്ലാ മജിസ്ട്രേറ്റർമാരും മറ്റു ബന്ധപ്പെട്ട അധികാരികളും അവരവരുടെ ജില്ലയിൽപ്പെട്ട എല്ലാ പ്രിന്റിംഗ് പ്രസ്സുകളുടേയും താഴെ പറയുന്ന കാര്യങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

(i) കേരള പഞ്ചായത്ത് രാജ് ആക്ട് 124-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്ട് 148-ാം വകുപ്പ് അനുശാസിക്കുന്ന വിധത്തിൽ ഓരോ അച്ചടിക്കാരനും പ്രസാധകനും അവരുടെ പേരും വിലാസവും പ്രസിദ്ധീകരണത്തിൽ അച്ചടിച്ചിരിക്കണമെന്ന് വ്യവസ്ഥ;

(ii) അച്ചടിച്ച തീയതി മുതൽ പത്ത് ദിവസത്തിനകം അതിന്റെ ഒരു പ്രതി പ്രസാധകൻ നൽകിയ പ്രഖ്യാപനത്തിന്റെ പകർപ്പ് സഹിതം അയയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വീഴ്ചകൾ നിയമലംഘനമായി കണക്കാക്കുമെന്ന് വ്യക്തമാക്കിക്കൊണ്ടും;

(iii) അപ്രകാരമുള്ള നിയമലംഘനങ്ങളെ വളരെ ഗൗരവമായി കണക്കാക്കുമെന്നും ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നും;

(2) രേഖകളുടെ എത്ര പ്രതികൾ അച്ചടിച്ചു എന്നും ആയതിന് എന്ത് കൂലിയാണ് ഈടാക്കിയതെന്നും മറ്റും കമ്മീഷൻ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ രേഖപ്പെടുത്തി ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തി പ്രഖ്യാപിക്കുന്നതിനോടൊപ്പം അച്ചടിച്ച രേഖകളും സമർപ്പിക്കണമെന്നും പ്രസ്സുടമയോട് ആവശ്യപ്പെടേണ്ടതാണ്.

(3) തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളും താൽപര്യമുള്ള മറ്റ് വ്യക്തികളും ഏതെല്ലാം ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ചതിൽ മേൽപ്രകാരമുള്ള നിയമം പാലിക്കപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കുന്നതിനും പാലിക്കപ്പെടാത്തവയെ സംബന്ധിച്ച് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പര്യാപ്തമാകുന്ന തരത്തിൽ ജില്ലാ മജിസ്ട്രേറ്റുമാർ അവരവർക്ക് ലഭിച്ച എല്ലാ അച്ചടിച്ച ലഘുലേഖകളും പോസ്റ്ററുകളും അദ്ദേഹത്തിന്റെ ഓഫീസിൽ പ്രധാനപ്പെട്ട സ്ഥലത്ത് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

കുറ്റകരമായ പ്രവർത്തികൾ കണ്ടെത്താനും അവയെ സംബന്ധിച്ച് അന്വേഷണം നടത്താനും നിയുക്തമായ അധികാരികളും ജില്ലാ മജിസ്ട്രേറ്റുമാരും കേരള പഞ്ചായത്ത്രാജ് ആക്റ്റിലെ 124-ാം വകുപ്പ്/കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 148-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് നടപടി സ്വീകരിക്കേണ്ടതുമാണ്.

# അനുബന്ധം - 6

ഫാറം എൻ - 30

## തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സൂക്ഷിക്കുന്നതിനുള്ള മാതൃകാ ഫാറം

1. സ്ഥാനാർത്ഥികളുടെ പേര്:..........................................
2. പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും:..........................................
3. മത്സരിച്ച നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും:..........................................
4. ഫലം പ്രഖ്യാപിച്ച തീയതി :..........................................

| ചെലവ് ചെയ്ത തീയതി | ചെലവിന്റെ സ്വഭാവം | ചെലവായ തുക | | തുക നൽകിയ തീയതി | തുക കൈപ്പറ്റിയ ആളിന്റെ പേരും വിലാസവും | നൽകിയ തുകയ്ക്കുള്ള വൗച്ചറിന്റെ നമ്പരും തീയതിയും | നൽകാനുള്ള തുകയ്ക്കുള്ള ബിൽ നമ്പരും തീയതിയും | തുക ലഭിക്കേണ്ട ആളിന്റെ പേരും വിലാസവും | അഭിപ്രായ കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|
| | | നൽകിയത് | നൽകാനുള്ളത് | | | | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |

സ്ഥാനാർത്ഥിയുടെ/തിരഞ്ഞെടുപ്പ് ഏജന്റിന്റെ ഒപ്പ്..........................................

ഈ കണക്കുകൾ ഞാൻ/എന്റെ തിരഞ്ഞടുപ്പ് ഏജന്റ് സൂക്ഷിച്ചിട്ടുള്ള കണക്കുകളുടെ ശരിപ്പകർപ്പാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 85-ആം വകുപ്പ്/1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 141-ാം വകുപ്പ് അനുസരിച്ച് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

മത്സരിക്കുന്ന സ്ഥാനാർത്ഥിയുടെ ഒപ്പ്

കുറിപ്പ് :- സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിന് കമ്മിഷൻ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്.